



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
01 MARCH 2024 | VOL 03 | ISSUE 060 | 759

# മണിപ്പൂരിൽ നിന്നും ജൂതന്മാരുടെ കൂട്ട പലായനം

**ഇംഫാൽ :** മണിപ്പൂരിൽ നിന്ന് ഈ വർഷം മാത്രം 432 പേർ ഇസ്രായേലിലേക്ക് പലായനം ചെയ്തതായി റിപ്പോർട്ട്. മണിപ്പൂരിൽ നിന്നുള്ള ചരിത്രത്തിലെ ഏറ്റവും വലിയ ജനത്തിന്റെ ഒഴുക്കാണിത്.

ഇസ്രായേലിലെ കാണാതായ മനാശേ ഗോത്രത്തിന്റെ പിൻഗാമികളെന്ന് വിശ്വസിക്കപ്പെടുന്ന ചിൻകുക്കിമിസോസ് (ചിക്കിം) ഗോത്ര വിഭാഗത്തിൽ പെട്ടവരാണ് പലായനം ചെയ്തത്. നാളുകളായി നാടിന്റെ വിവിധ പ്രദേശങ്ങളിൽ ചിതറി പാർക്കുന്ന ഈ വിഭാഗം അറിയപ്പെടുന്നത് ബെനെയ് മാനഷെ എന്നാണ് .

മണിപ്പൂരിലെ ചുരാചന്ദ്പൂർ ജില്ലയിൽ നിന്നുള്ള അമ്പത്തേഴുകാരിയായ നെംചിൻ ടൗതാങ് കഴിഞ്ഞ ഞായറാഴ്ചയാണ് മണിപ്പൂർ വിട്ടു ഇസ്രായേലിൽ സ്ഥിരതാമസമാക്കിയത്. അവർ പറയുന്നു: 'ഞാൻ മാസങ്ങളോളം നിശബ്ദമായി കരയുകയായിരുന്നു, എന്റെ വീട് വിടുന്നതിനെക്കുറിച്ച് ചിന്തിച്ചപ്പോഴെല്ലാം എന്റെ മാതൃഭൂമിയെക്കുറിച്ചുള്ള ഓർമകൾ എന്നെ വേട്ടയാടി. പുണ്യഭൂമിയിലേക്ക് മടങ്ങാനുള്ള ആഗ്രഹം വളരെ ശക്തമായിരുന്നു.'






മണിപ്പൂരിൽ നിന്നും മുമ്പ് പലായനം ചെയ്ത 228 ജൂതന്മാരിൽ ഒരാളാണ് നെംചിൻ. ഏകദേശം ഒരു പതിറ്റാണ്ട് മുമ്പ് വാഗ്ദത്ത ഭൂമിയിലേക്ക് കുടിയേറിയ തന്റെ വംശക്കാരുമായി ഒന്നിക്കാൻ ഈ വിധവ തന്റെ ആറ് മക്കളിൽ നാല് പേരെയാണ് മണിപ്പൂരിൽ ഉപേക്ഷിച്ചത് 'ഞാൻ മണിപ്പൂരിലേക്ക് ഇനി മടങ്ങിവരില്ല, കാരണം എന്റെ മതം എനിക്ക് അത്രമാത്രം പ്രിയപ്പെട്ടതാണ്' ഇംഫാൽ വിമാനത്താവളത്തിൽ നിന്ന് പുറപ്പെടുന്നതിന് തൊട്ടുമുമ്പ് നെംച പറഞ്ഞു.

ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ താമസിക്കുന്ന വരിൽ ജൂത സമുദായത്തിലെ 9,000ത്തിലധികം അംഗങ്ങളുണ്ട്, അവരിൽ പകുതിയും മണിപ്പൂരിലും മിസോറാമിലും ആണ്. ബെനെയ് മനാഷെ എന്ന് വിളിക്കപ്പെടുന്ന ഈ ജൂതന്മാർ ഇസ്രായേലിലെ നഷ്ടപ്പെട്ട പത്ത് ഗോത്രങ്ങളിൽ ഒന്നായ മനശ്ശെ ഗോത്രത്തിന്റെ പിൻഗാമികളാണെന്ന് വിശ്വസിക്കപ്പെടുന്നു.

**CARTOON:**



എഡിറ്റോറിയൽ

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

# ആറ്റംബോംബ് പൊട്ടിക്കുന്ന 'ആത്മീകർ'



സജി വർഗ്ഗീസ്
മണിയാർ

കിഴക്കമ്പലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കിറ്റെക്സ് കമ്പനിയുടെ ഉടമ ശ്രീമാൻ സാബു ഇക്കഴിഞ്ഞ ദിവസം പൊതു സമൂഹത്തോട് വിളിച്ചു പറഞ്ഞത് അദ്ദേഹത്തെ തൊട്ടാൽ തന്റെ കൈവശം ഉള്ള ആറ്റംബോംബ് പൊട്ടിക്കുകയും മുഖ്യമന്ത്രിയുടെ മകളെ അഴിക്കുള്ളിൽ ആക്കും എന്നുമാണ്. അദ്ദേഹത്തിന്റെ കൈയ്യിൽ മുഖ്യമന്ത്രിയെ തകർക്കാൻ കഴിയുന്ന ഉഗ്ര പ്രഹര ശേഷിയുള്ള ബോംബ് ഉണ്ടായേക്കാം. എന്നാൽ അത്തരം സ്ഫോടക വസ്തു കൈയ്യിൽ വച്ചുകൊണ്ട് സർക്കാരിനെ ഭീഷണിപ്പെടുത്തി അദ്ദേഹത്തിന് എതിരെയുള്ള എല്ലാ നീക്കങ്ങൾക്കും തടയിടാനോ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കാനോ ശ്രമിക്കുന്നത് ഒരു പൊതു പ്രവർത്തകന് ഭൂഷണമല്ല. അത് ഒരുതരം വിലകുറഞ്ഞ വിലപേശൽ തന്ത്രമാണ്. അത് ക്രിമിനൽ കുറ്റവുമാണ്.

ആത്മീക ലോകത്തിലും ഇത്തരത്തിലുള്ള സാബുമാരെ കാണാൻ കഴിയും. കുറേക്കാലം മുമ്പ് പെന്തക്കോസ്തിലെ ഒരു നേതാവിന്റെ ചില രഹസ്യങ്ങൾ പുറത്ത് വിടും എന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി ഉപരി പഠനവും അതേത്തുടർന്ന് സഭയും മറ്റ് ആനുകൂല്യങ്ങളും നേടിയെടുത്തത് ആ സഭയിൽ ഉൾപ്പെട്ട പലർക്കും അറിവുള്ളതാണ്. ഇത്തരം ആറ്റംബോംബ് പ്രയോഗങ്ങൾ ദൈവസഭകളിൽ പരസ്യമായ രഹസ്യമാണ്.

ഭീഷണിയിലൂടെയോ ബ്ലാക്ക് മെയിലിംഗിലൂടെയോ ഒക്കെ കാര്യങ്ങൾ നേടിയെടുക്കുന്നത് അനാത്മീകമാണ്. അങ്ങനെ അന്യായമായി നേടിയെടുക്കുന്നതൊന്നും ശാശ്വതമായിരിക്കില്ല. ലാബാന്റെ വീട്ടിൽ നിന്നും ഓടിപ്പോകുന്ന യാക്കോബിന് തന്റെ കൈയ്യുടെ അധ്വാന ഫലം പിടിപ്പത് ഉണ്ടായിരുന്നിട്ടും റാഹേൽ ഗൃഹബിംബം ആരും അറിയാതെ ഒളിപ്പിച്ചു കടത്തുമ്പോൾ എന്നെങ്കിലും ഒരിക്കൽ ഇതുവച്ച് വിലപേശി കൂടുതൽ സ്വത്ത് കരസ്ഥമാക്കാം എന്ന ദുരാഗ്രഹമാണ് അവളെ ഭരിക്കുന്നത്. ഇത്തരം ഒരു പ്രവർത്തിക്ക് മുതിർന്നതുകൊണ്ട് റാഹേൽ വഴിയരുകിൽ പട്ടുപോകാൻ ഇടയായി.

ലാബാൻ സ്ഥലത്തില്ലാത്ത തക്കം നോക്കിയാണ് യാക്കോബും കുടുംബവും ഓടിപ്പോകുന്നത്. മടങ്ങിയെത്തുന്ന ലാബാൻ, ഗൃഹബിംബം നഷ്ടമായെന്നറിഞ്ഞ് യാക്കോബിന്റെ പിന്നാലെ പോകുന്നതും നാം വായിക്കുന്നു. (ഉൽപ്പത്തി 31) ഇവിടെ യഥാർത്ഥ ആത്മീകർ ഉറപ്പാക്കേണ്ടുന്ന കാര്യം ഒരു ലാബാനും നമ്മെയും നമ്മുടെ തലമുറകളെയും പിന്തുടർന്ന് എത്താതിരിക്കട്ടെ.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### ഇറ്റലി

| | | |
|---|---|---|
| തലസ്ഥാനം | : | റോം |
| ഭാഷ | : | ഇറ്റാലിയൻ |
| ജനസംഖ്യ | : | 58,870,762 |
| പ്രസിഡണ്ട് | : | സെർജിയോ മാറ്ററെല്ല |
| മതം | : | ക്രിസ്ത്യൻ |

ഇറ്റലിയിലെ നാമധേയ ക്രിസ്ത്യാനികൾക്കായി പ്രാർത്ഥിക്കുക. ബവർക്ക് സുവിശേഷത്തെക്കുറിച്ച് ശരിയായ ബോധ്യമുണ്ടാകണം.

പാരമ്പര്യ സമ്പ്രദായങ്ങളുടെ അടിമകളായ ജനവിഭാഗം. സഭാഘടനകളിൽ നിരാശരായവർ. ഇറ്റലിയിൽ ഒരു ഉണർവ് ഉണ്ടാകാനായി പ്രാർത്ഥിക്കുക.

രാജ്യത്ത് ദൈവത്തിന്റെ ശക്തി വെളിപ്പെടണം. അന്ധകാരത്തിലും നിഗൂഢ, വിജാതീയ, നവയുഗ സമ്പ്രദായങ്ങളിലും അകപ്പെട്ടവരെ ദൈവം മോചിപ്പിക്കാനായും പ്രാർത്ഥിക്കുക

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 01**

എന്റെ പ്രാർത്ഥന തള്ളിക്കളയാതെയും തന്റെ ദയ എങ്കൽ നിന്ന് എടുത്തുകളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ. (സങ്കീ 66:20)

# ആപ്പ് സ്റ്റോറിൽ നിന്നും പ്രേ ഡോട്ട് കോം നീക്കി ചൈന




ബീജിംഗ് : ചൈനയിലെ ആപ്പിളിന്റെ ആപ്പ് സ്റ്റോറിൽ നിന്നും പ്രേ ഡോട്ട് കോം എന്ന പ്രശസ്തമായ അപ്ലിക്കേഷൻ ഔട്ടായി. അമേരിക്കൻ പ്രസിഡണ്ട് ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്ന ദേശീയ പ്രാർത്ഥനാ ദിനം പോലെയുള്ള പ്രോഗ്രാമുകൾ ഒന്നര കോടിയിലധികം പ്രേഷകരിലേക്ക് എത്തിച്ചിരുന്ന ആപ്ളിക്കേഷനാണിത്. ചൈനയിലെ സർക്കാരിന്റെ ക്രൈസ്തവരോടുള്ള നയം മാറുന്നതിന്റെ സൂചനയാണ് ഈ നടപടി. മുമ്പ് സമാനമായ ക്രൈസ്തവ ആപ്പുകൾ നീക്കം ചെയ്യപ്പെട്ടപ്പോഴും പ്രേ ഡോട്ട് കോമിന് രാജ്യത്ത് പ്രവർത്തിക്കാൻ അനുമതി ഉണ്ടായിരുന്നു.
ഏഷ്യയിൽ ക്രിസ്തീയ വിശ്വാസം ഏറ്റവും അധികം വ്യാപിക്കുന്ന രാജ്യമാണ് ചൈന. ഇതിൽ അസ്വസ്ഥരായ ഭരണകൂടം ശക്തമായ നിയന്ത്രണമാണ് ക്രൈസ്തവ സമൂഹത്തിന് ഏർപ്പെടുത്തുന്നത്. എന്നാൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയതിന് പിന്നാലെ മറ്റ് മാർഗ്ഗങ്ങളിലൂടെ ചൈനയിലെ വിശ്വാസികളുടെ ഇടയിൽ എങ്ങനെ പ്രവർത്തിക്കാമെന്നതിനെപ്പറ്റി പ്രേ ഡോട്ട് കോം ആപ്പിന്റെ അധികൃതർ ചർച്ചകൾ നടത്തുകയാണ്. നിരവധി ബൈബിൾ ആപ്ലിക്കേഷനുകളും ക്രൈസ്തവ വി ചാറ്റ് അക്കൗണ്ടുകളും ചൈന നീക്കം ചെയ്തിരുന്നു.
2016 ലാണ് പ്രെ ഡോട്ട് കോം ആപ്ലിക്കേഷന് തുടക്കമിട്ടത്.



# സംസ്ഥാനത്ത് ഇന്നും നാളെയും 12 ജില്ലകളിൽ ഉയർന്ന താപനില

തിരുവനന്തപുരം : ഇന്നും നാളെയും 12 ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ്. ജാഗ്രതയുടെ ഭാഗമായി ഈ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. സാധാരണയേക്കാൾ രണ്ടു മുതൽ നാലു ഡിഗ്രി സെൽഷ്യസ് വരെ ചൂട് ഉയർന്നേക്കും.ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ, വ്യാഴാഴ്ചയും വെള്ളിയാഴ്ചയും ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.
കൊല്ലം, ആലപ്പുഴ , കോട്ടയം, തൃശൂർ ജില്ലകളിൽ ഉയർന്ന താപനില 38°C വരെയും പത്തനംതിട്ട, എറണാകുളം, പാലക്കാട് ,കണ്ണൂർ ജില്ലകളിൽ 37°C വരെയും തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട്, കാസർകോട് ജില്ലകളിൽ 36ഠഇ വരെയും രേഖപ്പെടുത്താൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു

## ഐക്യ പ്രാർത്ഥന ഓൺലൈനിൽ

ഡൽഹി: ഭാരതത്തിലെ വിവിധ പ്രാർത്ഥന മൂവ്മെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇന്ന് വൈകിട്ട് 5:30 മുതൽ ഒമ്പത് വരെ ഐക്യ പ്രാർത്ഥന നടക്കും. വിവരങ്ങൾക്ക് പാ. ഷാജി കുര്യൻ
മീറ്റിംഗ്: ID: 865 168 4898

# ക്രൈസ്തവ സന്യാസികൾ കൊല്ലപ്പെട്ടു

ആഡിസ് അബാബ: എത്യോപ്യയിൽ സന്യാസ ആശ്രമത്തിൽ നാല് ക്രൈസ്തവ സന്യാസികൾ കൊല്ലപ്പെട്ടു. എത്യോപ്യൻ ഓർത്തഡോക്സ് തെവാഹിതോ സഭയാണ് ഈ വിവരം പുറത്തുവിട്ടത്. പരിക്കേറ്റ ഒരു സന്യാസി ഇപ്പോഴും ചികിത്സയിൽ തുടരുകയാണ്. തീവ്ര ദേശീയവാദികളായ ഒറോമോ വിഭാഗക്കാരാണ് അക്രമണം നടത്തിയതെന്നു മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഒറോമോ ലിബറേഷൻ ആർമി എന്ന സ്വയം വിശേഷിപ്പിക്കുന്ന ഇവർക്ക് സർക്കാർ പിന്തുണയുണ്ടെന്ന് കരുതപ്പെടുന്നു. സന്യാസികളെ ബന്ധികളാക്കി പിടിച്ചുകൊണ്ടു പോയി അടുത്ത ദിവസമാണ് കൊല ചെയ്തതെന്ന് എത്യോപ്യൻ ഓർത്തഡോക്സ് സഭ വ്യക്തമാക്കി. ആശ്രമത്തിനും, ആശ്രമത്തിൽ കഴിയുന്നവർക്കും സുരക്ഷ നൽകണമെന്ന് സർക്കാരിനോടും, പ്രാദേശിക സുരക്ഷാ വിഭാഗം അധികൃതരോടും ഓർത്തഡോക്സ് സഭ അഭ്യർത്ഥിച്ചു. എന്നാൽ സർക്കാർ ഇതുവരെ പ്രതികരണം ഒന്നും നടത്തിയിട്ടില്ല.
രാജ്യത്തെ ക്രൈസ്തവർ സർക്കാരിൽ നിന്നും, സായുധ സംഘങ്ങളിൽ നിന്നും ഏറെക്കാലമായി ആക്രമണം നേരിടുന്നുണ്ട്. ഇപ്പോഴത്തെ പ്രധാനമന്ത്രി അബി അഹമ്മദ് സ്ഥാനമേറ്റെടുത്തതിനുശേഷം നിരവധി വിശ്വാസികൾ കൊല്ലപ്പെടുകയും, ആരാധനാലയങ്ങൾ അഗ്നിക്ക് ഇരയാക്കപ്പെടുകയും ചെയ്തിരിന്നു.

# വിസിറ്റ് വിസയിലും ജോലി ചെയ്യാൻ അനുവദിക്കണമെന്ന് നിർദ്ദേശവുമായി യു.എ.ഇ.



അബുദാബി: യുഎഇയിൽ വിസിറ്റ് വിസയുള്ളവരെ ജോലി ചെയ്യാൻ അനുവദിക്കണമെന്ന് നിർദ്ദേശം.നിലവിലെ നിയമം അനുസരിച്ച് വിസിറ്റ് വിസയിൽ യു.എ.ഇ. യിൽ ജോലി ചെയ്യുന്നത് നിയമവിരുദ്ധമാണ്. അമ്പതിനായിരം ദിർഹമാണ് പിഴ. നിയമപരമായി സന്ദർശകരെ നിയമിക്കാൻ തൊഴിലുടമകളെ അനുവദിക്കുന്നതിന് ഇക്കാര്യത്തിൽ വർക്ക് പെർമിറ്റും മറ്റ് നിയമ വ്യവസ്ഥകളും സ്ഥാപിക്കാവുന്നതാണ്. നിയമപരമായി സന്ദർശകരെ നിയമിക്കാൻ കമ്പനികളെ അനുവദിക്കുന്നത് പരസ്പര പ്രയോജനകരമായ ബന്ധം സൃഷ്ടിക്കാൻ സഹായിക്കുമെന്ന് നാച്ചുറലൈസേഷൻ ആൻഡ് റെസിഡൻസി പ്രോസിക്യൂഷൻ മേധാവി അഡ്വക്കേറ്റ് ജനറൽ ഡോ അലി ഹുമൈദ് ബിൻ ഖാതേം പറഞ്ഞു. അൽ ഖവാനീജിൽ ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്‌സ് അഫയേഴ്‌സ് (ജിഡിആർഎഫ്എ) ദുബായ് ആതിഥേയത്വം വഹിച്ച എന്റർപ്രണർഷിപ്പ് മേക്കേഴ്സ് ഫോറത്തിലാണ് അദ്ദേഹം നിർദ്ദേശം നൽകിയത്.



# അധ്യാപകരും വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്രിയാത്മകമായ വഴിയിലൂടെ നീങ്ങണം: ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്

തിരുവല്ല: നിർമിത ബുദ്ധിയിലൂടെ ലോകം അത്ഭുതകരമായ മാറ്റം കൈവരിക്കുമ്പോൾ അധ്യാപകരും വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്രിയാത്മകമായ വഴിയിലൂടെ നീങ്ങണമെന്ന് ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്.
മലങ്കര കത്തോലിക്കാ ചർച്ച് വിദ്യാഭ്യാസ കമ്മിഷന്റെ നേതൃത്വത്തിൽ തിരുവല്ല മാക്‌ഫാസ്റ്റ് കോളജിൽ നടന്ന വിദ്യാഭ്യാസ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കമ്മിഷൻ ചെയർമാൻ ഡോ. ജോസഫ് മാർ തോമസ് അധ്യക്ഷത വഹിച്ചു.
തിരുവനന്തപുരം അതിരൂപത വികാരി ജനറൽ ഫാ. വർക്കി ആറ്റുപുറം, ഡോ. വർഗീസ് കെ. ചെറിയാൻ, പ്രഫ.ജേക്കബ് എം.ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഫിലിപ്പ് വർഗീസ് ക്ലാസ് നയിച്ചു.

# ഒരു കോടി വീടുകൾക്ക് സൗജന്യ വൈദ്യുതി; സോളാർ പദ്ധതിക്ക് കേന്ദ്ര മന്ത്രി സഭയുടെ അംഗീകാരം

ന്യൂഡൽഹി : വീടുകൾക്ക് സൗജന്യ വൈദ്യുതി ലഭ്യമാക്കുന്ന പുരപ്പുറ സോളാർ പദ്ധതിയായ പ്രധാനമന്ത്രി സൂര്യാഘർ സൗജന്യ വൈദ്യുതി പദ്ധതിക്ക് കേന്ദ്ര മന്ത്രി സഭാ യോഗം അനുമതി നൽകി. പദ്ധതിയിലൂടെ രാജ്യത്തെ ഒരു കോടി വീടുകൾക്ക് 300 യൂണിറ്റ് സൗജന്യ വൈദ്യുതി ലഭിക്കുമെന്ന് കേന്ദ്രമന്ത്രി അനുരാഗ് താക്കൂർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഒരു കോടി കുടുംബങ്ങൾക്ക് എല്ലാ മാസവും 300 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി നൽകുന്ന 'പിഎം സൂര്യ ഘർ: സൗജന്യ വൈദ്യുതി പദ്ധതി' കഴിഞ്ഞ ജനുവരിയിലാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്.

# ഫുജൈറയിൽ ഐക്യകൺവൻഷൻ

ഫുജൈറ: യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഈസ്റ്റേൺ റീജിയന്റെ ഐക്യകൺവെൻഷൻ മാർച്ച് 11 തിങ്കൾ മുതൽ 13 ബുധൻ വരെ വൈകിട്ട് ആറുമുതൽ ഒമ്പത് വരെ ന്യൂ ടെസ്റ്റമെന്റ് ചർച്ച് കോമ്പൗണ്ടിലുള്ള ഹാൾ 7 നിൽ നടക്കും. പാസ്റ്റർ ബാബു ചെറിയാൻ പിറവം പ്രസംഗിക്കും. യു.പി.എഫ് ക്വയർ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

# റിയാദിൽ സംയുക്ത ഉണർവ്വ് യോഗം

റിയാദ്: സൗദി റിയാദ് റീജിയൻ ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 2628 വരെ വേദ പഠനവും 29 ന് സംയുക്ത ആരാധനയും നടക്കും. പാ. സാജൻ മാത്യുവും ഇവ. റെജി ബേബിയും പ്രസംഗിക്കും. പാ. റെജി തലവടി നേതൃത്വം കൊടുക്കും

01 MARCH 2024
VOL 03 | ISSUE 060 | 759


# ഇന്നർ ഹീലിംഗ് ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചു

അടൂർ : ആന്തരീക സൗഖ്യം ബൈബിൾ അടിസ്ഥാനത്തിൽ എന്ന വിഷയത്തിലുള്ള ഓൺലൈൻ പഠന ക്ലാസുകൾ എ ജി റിവൈവൽ പ്രയറിൽ ഇന്നലെ ആരംഭിച്ചു.
ന്യൂയോർക്കിലെ ക്രൈസ്റ്റ് എ ജി സഭയുടെ സ്ഥാപകനും സീനിയർ പാസ്റ്ററുമായ പാസ്റ്റർ ജോർജ് പി ചാക്കോ നയിക്കുന്ന ക്ലാസ് നാളെ അവസാനിക്കും.
പാസ്റ്റർമാരായ ബിജു ദാനം (കേരളം), ഫിന്നി ജോർജ് (പഞ്ചാബ്), കെ.രാജൻ (ദുബായ്) എന്നിവർ വിവിധ ദിവസങ്ങളിൽ അദ്ധ്യക്ഷത വഹിക്കും. ആലുവ എ.ജി.ക്വയർ, പ്ലാമൂട് എ.ജി. ഇവാഞ്ചലിസ്റ്റിക് സെൻറർ ക്വയർ, തിരുവല്ല ടൗൺ എ.ജി.ക്വയർ എന്നിവരാണ് ഗാനശുശ്രൂഷ നയിക്കുന്നത്. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് പ്രയർ ഡിപ്പാർട്ട്മെന്റിന് പാസ്റ്റേഴ്സ് ജോമോൻ കുരുവിള (ചെയർമാൻ), മനോജ് വർഗീസ് (സെക്രട്ടറി), ഡി.കുമാർ ദാസ് (ട്രഷറാർ), കെ.സി. കുര്യാക്കോസ് (കമ്മിറ്റി മെമ്പർ), എം.ജെ.ക്രിസ്റ്റഫർ ( കമ്മിറ്റി മെമ്പർ) എന്നിവർ നേതൃത്വം നല്കുന്നത്


# ചിന്ദ്വാരയിൽ മിഷനറിമാർക്ക് നേരെ ആക്രമണം

മധ്യപ്രദേശ്: ചിന്ദ്വാരയിലെ പരാസിയയിൽ സംഘടിപ്പിച്ച സുവിശേഷയോഗം തടസ്സപ്പെടുത്തി വർഗീയ വാദികൾ മിഷനറിമാർക്ക് നേരെ ആക്രമണം അഴിച്ചുവിട്ടു. മുദ്രാവാക്യം മുഴക്കിയ സംഘടനാ പ്രവർത്തകർ സുവിശേഷകരെ തള്ളിയിട്ട് മർദ്ദിച്ചു. സകാൽ ഹിന്ദു സമാജത്തിന്റെ നേതൃത്വത്തിൽ പാരസിയ റോഡിലുള്ള വന്ദന ലോണിൽ എത്തി പ്രതിഷേധവും നടത്തി. സംഭവത്തിൽ പത്തു മിഷണറിമാരെ പൊലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അനന്ത്, നജ്ജു, പരാസ്, സന്തോഷ്, മധു, സുരേന്ദ്രൻ, രവി, ശുഭം എന്നിവർ പോമ പോലീസ് സ്റ്റേഷനിലാണ്.
'നൂറുകണക്കിന് ഗ്രാമീണരെ മിഷണറിമാർ ക്രിസ്തീയ മതത്തിലേക്ക് പരിവർത്തനം ചെയ്യുന്ന പരിപാടിയാണ് ഞങ്ങൾ തടഞ്ഞത്. ജാർഖണ്ഡിൽ നിന്ന് വരുന്ന ക്രിസ്ത്യൻ ജനത ചിന്ദ്വാരജില്ലയിലെ ഗോത്രവർഗക്കാരെയും ഇതര ജാതിമതസ്ഥരെയും ക്രിസ്ത്യാനികളാക്കി മാറ്റുന്നതായാണ് വിവരം.' രാഷ്ട്രീയ ഹിന്ദു സേന ജില്ലാ പ്രസിഡന്റ് യമൻ സാഹു പറഞ്ഞു.
മിഷണറിമാർക്ക് എതിരെ സുവിശേഷ വിരോധികൾ പോലീസ് സ്റ്റേഷനിലും ബഹളം വെച്ചതിനെ തുടർന്ന് പോലീസ് നടപടി സ്വീകരിച്ചതായി പറഞ്ഞു.

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് വനിതാ സമാജം: പ്രസിഡണ്ട് സൂസൻ ജോൺ തോമസ് സെക്രട്ടറി ജെസ്സി ഏബ്രഹാം




തിരുവല്ല. ശാരോൻ വനിതാ സമാജത്തിന് പുതിയ ഭരണ സമതി നിലവിൽ വന്നു. പ്രസിഡണ്ടായി സൂസൻ ജോൺ തോമസും ജനറൽ സെക്രട്ടറിയായി ജെസ്സി ഏബ്രഹാമും ട്രഷറാറായി മറിയാമ്മ ജോയിയും തെരെഞ്ഞെടുക്കപ്പെട്ടു
വൈസ് പ്രസിഡണ്ടുമാർ: സൗമിനി ഫിന്നി , ജോളി തോമസ്, മോളിക്കുട്ടി ജേക്കബ് സെക്രട്ടറിമാർ: സുജ നൈനാൻ, മേഴ്സി ഷാജു, ഗ്രേസ് തങ്കച്ചൻ , ശാന്തമ്മ ഏബ്രഹാം, ജോയിന്റ് ട്രഷറാർ: സൂസമ്മ പൊടികുഞ്ഞ്, പ്രയർ സെക്രട്ടറി: മിനി ലാലു, ലിറ്ററേച്ചർ സെക്രട്ടറി: ഷീബ വിജയൻ ചാരിറ്റി സെക്രട്ടറി: ബ്ലസി ബിജു മീഡിയ സെക്രട്ടറി: അല്ലി ഷാജി, പ്രോഗ്രാം കോർഡിനേറ്റർ: സൂസൻ അലക്സ് അഡ്വൈസറി ബോർഡ്: ഏലിയാമ്മ കോശി (രക്ഷാധികാരി), മോളി ഏബ്രഹാം ഫെബ്രുവരി 27ന് തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ നടന്ന ജനറൽ ബോഡി യോഗത്തിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. സഭയുടെ വൈസ് പ്രസിഡന്റ് പാസ്റ്റർ ജോൺസൻ കെ ശമുവേൽ മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ വി ജെ തോമസ് കൂട്ടി എന്നിവരുടെ നേതൃത്വത്തിലായിരുന്നു തെരഞ്ഞെടുപ്പ്.



# എത്യോപ്യൻ റോഡുകളിൽ പെട്രോൾ, ഡീസൽ കാറുകൾ ഇനി ഓടില്ല



എത്യോപ്യ: പെട്രോൾ, ഡീസൽ കാറുകൾ നിരോധിക്കുന്ന ലോകത്തെ ആദ്യ രാജ്യമാവുകയാണ് എത്യോപ്യ. ഇലക്ട്രിക് കാറുകൾ അല്ലാത്ത എല്ലാ കാറുകളുടെയും ഇറക്കുമതി നിർത്തലാക്കുന്നതായി രാജ്യത്തെ ഗതാഗത, ലോജിസ്റ്റിക്സ് മന്ത്രി അലെമു സൈം പ്രഖ്യാപിച്ചു. പരിമിതമായ വിദേശ വിനിമയം കാരണം പെട്രോൾ ഇറക്കുമതി ചെയ്യാൻ എത്യോപ്യയ്ക്ക് കഴിയാത്തതാണ് ഈ തീരുമാനത്തിന്റെ പ്രധാന കാരണമെന്നും മന്ത്രി പറഞ്ഞു. പുതിയ നയം എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമല്ല. രാജ്യത്ത് പെട്രോൾ, ഡീസൽ, ഇലക്ട്രിക് വാഹനങ്ങൾ നിർമിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്ന ഹ്യുണ്ടായ്, നിസ്സാൻ, ഇസുസു, ഫോക്സ്വാഗൺ തുടങ്ങിയ കാർ നിർമ്മാതാക്കളെ പുതിയ നീയമം ആശങ്കയിലാഴ്ത്തിയിട്ടുണ്ട്.

# ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പിനെ പിന്തുണച്ച് നിയമകമ്മീഷൻ

ന്യൂഡൽഹി : ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പിനെ പിന്തുണച്ച് നിയമകമ്മീഷൻ. ഭരണഘടനയിൽ ഇതിനായി പ്രത്യേക ഭാഗം ചേർക്കാൻ കമ്മീഷൻ സർക്കാരിന് നിർദേശം നൽകും. 2029ൽ രാജ്യത്താകെ തദ്ദേശ തെരഞ്ഞെടുപ്പ് മുതൽ ലോകസഭാ തെരഞ്ഞെടുപ്പ് വരെ ഒരേ സമയം തെരഞ്ഞെടുപ്പ് നടത്താമെന്ന് നിയമകമ്മീഷൻ ശുപാർശ ചെയ്യും. തെരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്താൻ ഭരണഘടന ഭേദഗതി കൊണ്ട് വരാൻ റിട്ടയേർഡ് ജസ്റ്റിസ് ഋതു രാജ് അവസ്തിയുടെ കീഴിലുള്ള കമ്മീഷൻ ശുപാർശ ചെയ്തതായി ഉന്നത വൃത്തങ്ങൾ അറിയിച്ചു. ഒരേസമയം തെരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ടിയുള്ള പൊതു വോട്ടർ പട്ടിക ഉൾപ്പടെയുള്ള കാര്യങ്ങളെ ഭരണഘടനയുടെ പുതിയ അധ്യായത്തിൽ ഉൾപ്പെടുത്താനാണ് തീരുമാനം.

# ക്രിസ്ത്യാനികളുടെ ഇടയിലെ അനൈക്യം സുവിശേഷത്തിന് എതിർസാക്ഷ്യം: കർദിനാൾ റോബർട്ട്

കെനിയ: സുവിശേഷത്തിന് എതിർ സാക്ഷ്യമായി മാറുന്നത് ക്രിസ്തുവിന്റെ അനുയായികളുടെ ഇടയിലെ അനൈക്യമാണെന്ന് കർദിനാൾ റോബർട്ട് സാറ പ്രസ്താവിച്ചു. കെനിയയിലെ താൻഗാസാ സർവകലാശയുടെ കീഴിലുള്ള സ്കൂൾ ഓഫ് തിയോളജി ഓഫ് കെനിയ സംഘടിപ്പിച്ച തിയോളജിക്കൽ സിമ്പോസിയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മറ്റെല്ലാ കാര്യങ്ങളെക്കാളുമുപരിയായി ക്രിസ്ത്യാനി എന്ന വിശേഷണത്തിന് പ്രധാന സ്ഥാനം നൽകുന്ന വിധം ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസജീവിതം നാം നയിക്കണം. നാം വിഭജിക്കപ്പെട്ടവരായി തുടരുകയാണെങ്കിൽ നമ്മുടെ സാക്ഷ്യവും വിഭജിക്കപ്പെട്ടതായിരിക്കും. ആ സാക്ഷ്യം ലോകം വിശ്വസിക്കുകയില്ല. കർദിനാൾ പറഞ്ഞു. ആദ്യമായി ക്രിസ്തീയ വിശ്വാസത്തിൽ ഐക്യം കണ്ടെത്തുക. പിന്നീട് സഹ പൗരൻമാരെന്ന നിലയിലും ആഫ്രിക്കക്കൻ ജനതയെന്ന നിലയിലും ഒരുമിച്ച് നിൽക്കുക. ക്രിസ്ത്യാനി എന്ന നിലയിൽ ഒരുമിച്ച് നിൽക്കാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ ഇടയിലുള്ള വിഭാഗീയതകൾ അഴിമതിക്കാരായ രാഷ്ട്രീയ നേതാക്കളും വിദേശ ശക്തിക്കളും ചൂഷണം ചെയ്യുവാൻ സാധ്യതയുണ്ടെന്ന് കർദിനാൾ മുന്നറിയിപ്പ് നൽകി.

## മാട്രിമോണിയൽ

യുകെയിലുള്ള പെന്തക്കോസ്ത് യുവതി (26, ബി എസ് സി നേഴ്സ്, 157 cm) ക്ക് ആത്മിയരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: +91 96564 04296, +44 7867 038800

# UNITED PRAYER

ഭാരതത്തിലെ വിവിധ പ്രാർത്ഥന മൂവ്മെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് _ മാർച്ച് 01 വെള്ളിയാഴ്ച_ വൈകുന്നേരം 5:30 മുതൽ 9:00 വരെ ഒരു ഐക്യ പ്രാർത്ഥന നടത്തുന്നു. പ്രാർത്ഥന സഹകാരികളായ എല്ലാ പ്രിയപ്പെട്ടവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**Coordinators:**

National Prayer Movement, NPCTI, Love Army Crusade Minitsries, Global prayer warriors, United Christian Prayer, Restoration Prayer, Bless the nation, Living Light Minitsries, Chattisgarh prayer movement, United prayer warriors, National Prayer Band, Divine Prayer Minitsry, Gideon Prayer, Flame of Revival, Prarthanasangamam, Redeem the lost world, Christ Fellowship, Midnight Prayer, Filadelfia Fellowship Church of India, India House of Prayer, Kerala Prayer Fellowship, UCPI, PCI, & Different North Indian Missionary Fellowships

Time: 01 March 1st Friday, 2024 5:30 PM9:00 PM

Join Zoom Meeting

Meeting ID: 865 168 4898

For more details:
Pr. Shaji Kurian
:9446125936

# ക്രൈസ്തവർക്കു നേരേ നടക്കുന്ന ആക്രമണങ്ങളെ അപലപിച്ച് സമുദായ ജാഗ്രതാ സമ്മേളനം

തൃശൂർ: ക്രൈസ്തവർക്കെതിരായ കേന്ദ്ര സംസ്ഥാന നിലപാടുകൾക്കെതിരേ തൃശൂരിൽ സമുദായ ജാഗ്രതാ സമ്മേളനം. മതേതര ഇന്ത്യയിൽ ക്രൈസ്തവർക്കു നേരേ നടക്കുന്ന പീഡനങ്ങളെയും ക്രൈസ്തവ സ്ഥാപനങ്ങൾക്കുനേരേയും വിശ്വാസ പ്രേഷിതപ്രവർത്തനങ്ങൾക്കെതിരേയും നിരന്തരം നടക്കുന്ന ആക്രമണങ്ങളെയും തൃശൂർ അതിരൂപത സംഘടിപ്പിച്ച ജാഗ്രതാസമ്മേളനം ശക്തമായി അപലപിച്ചു. ഭരണഘടന ഉറപ്പുനൽകുന്ന സംരക്ഷണം ക്രൈസ്തവസമൂഹങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉറപ്പാക്കുന്നതിനും, മണിപ്പൂർ ഉൾപ്പെടെയുള്ള രാജ്യത്തെ വിവിധ പ്രദേശങ്ങളിലെ സംഘർഷാവസ്ഥ അവസാനിപ്പിക്കുന്നതിനും കേന്ദ്ര സർക്കാർ അതിശക്തമായ ഇടപെടൽ നടത്തണമെന്നു സമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാനത്തു വിവിധ ന്യൂനപക്ഷക്ഷേമപദ്ധതികൾ വിതരണം ചെയ്യുന്നതിൽ നീതീകരിക്കാനാകാത്ത വിവേചനവും നിയമപരമല്ലാത്ത മാനദണ്ഡങ്ങളും നിലനിൽക്കുന്നുണ്ട്. ആ അവസ്ഥ അവസാനിപ്പിക്കണം. ന്യൂനപക്ഷക്ഷേമ പദ്ധതികൾ ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്യണമെന്ന കേരള ഹൈക്കോടതിയുടെ വിധി അംഗീകരിക്കാത്ത സംസ്ഥാനസർക്കാരിന്റെ നിലപാടിൽ കടുത്ത അമർഷം പ്രകടിപ്പിച്ചു. ഈ നിലപാടു മാറ്റാൻ സർക്കാർ തയാറാകണം. മലയോരമേഖലയിലെ വന്യമൃഗ ആക്രമണഭീഷണി ഒഴിവാക്കാനും കാർഷികമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ അടിയന്തരനടപടികൾ സ്വീകരിക്കണമെന്നു യോഗം പ്രമേയം മുഖേന ആവശ്യപ്പെട്ടു.

# ശുദ്ധർ സ്തുതിക്കും വീടേ...!





തയ്യാറാക്കിയത്:
ബീനാ കോശി

ക്രൈസ്തവ സമൂഹം പുരാതനകാലം മുതൽ
ഈ ഗാനം പാടി ദൈവത്തെ മഹത്വപ്പെടുത്തുന്നുണ്ട്. കുമ്പനാടുകാരിയായ അന്നമ്മ മാമ്മനാണ് ഈ ഗാനത്തിന്റെ വരികൾ രചിച്ചത്.കൊച്ചു പറമ്പിൽ കെ എം മാമ്മന്റെയും മറിയാമ്മയുടെയും മകളായി മർത്തോമ്മ കുടുംബത്തിൽ ജനിച്ച അന്നമ്മ പഠന ശേഷം അധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. ഇക്കാലത്ത് ദൈവം നൽകിയ ദർശനപ്രകാരം പതിനാറാം വയസിൽ പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ചു.

മർത്തോമ്മ സഭ വിട്ട് പെന്തകോസ്ത് വിശ്വാസം സ്വീകരിച്ചത് നാട്ടിലും വീട്ടിലും അനേകം എതിർപ്പുകൾക്ക് കാരണമായി.ഒടുവിൽ ഉറ്റവരെയും ഉടയവരെയും വിട്ട് പാസ്റ്റർ പി ടി ചാക്കോയുടെയും കുടുംബത്തിനും ഒപ്പം ആന്ധ്രായിലെ ഏലൂരിലേക്ക് യാത്രയായി .സ്വന്തം കുടുംബത്തിൽ നിന്നും ഇറങ്ങുമ്പോൾ അന്നമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. സ്വന്തമായി സ്നേഹിച്ച ഭവനം... മാതാപിതാക്കൾ... സഹോദരങ്ങൾ...

കണ്ണീർ നിറഞ്ഞ ആ യാത്രയിൽ ഉടനീളം സ്വന്തം വീടിന്റെ ചിന്ത അന്നമ്മയെ വേട്ടയാടി ഒടുവിൽ തനിക്കിനി സ്വന്തമായുള്ളത് ദൈവം ഒരുക്കുന്ന ശ്വാശ്വതമായ ഭവനം മാത്രമാണെന്ന് ആ സ്ത്രീ നിനെച്ചു. അതിൽ ആശ്വസിച്ചു.ഒരു ചെറിയ പേപ്പർ എടുത്ത് അന്നമ്മ ഇങ്ങനെ എഴുതി: 'ശുദ്ധർ സ്തുതിക്കും വീടേ... ദൈവമക്കൾക്കുള്ള ആശ്രയമേ ....!'

കണ്ണീരിൽ കുതിർന്ന ആ തുണ്ടുപേപ്പറിൽ അന്നമ്മ എഴുതി തുടങ്ങിയത് ദൈവമക്കൾ ഇന്ന് പാടി ആർക്കുന്ന അനശ്വര ഗാനത്തിന്റെ ആദ്യ വരികളായിരുന്നു.വെല്ലുവിളികൾ ധാരാളം നിറഞ്ഞ ജീവിതമായിരുന്നു അന്നമ്മയുടേത് ! ഏലൂരിൽ മാത്രമല്ല വടക്കേന്ത്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ദൈവം തന്റെ ദാസിയെ ശക്തമായി ഉപയോഗിച്ചു. 2002 നവംബർ 21 നാണ് അന്നമ്മ മാമ്മൻ നിത്യതയിൽ പ്രവേശിച്ചത് ശുദ്ധർ സ്തുതിക്കുന്ന ദൈവമക്കൾക്ക് ഏക ആശ്രയമായ ഭവനത്തിൽ അന്നമ്മ മാമ്മൻ ഇപ്പോൾ വസിക്കുന്നു. അവർ എഴുതിയ അനുഗ്രഹിക്കപ്പെട്ട ഗാനം അനേകർക്ക് ആശ്വാസവും അനുഗ്രഹവും പ്രത്യാശയും പകരുന്നു.

ക്രിസ്ത്യൻ ലൈവ് DAILY ON THE BATTLEFIELD FOR THE GREAT COMMISSION | 08
01 MARCH 2024
VOL 03 | ISSUE 060 | 759

# കണ്ടംതിട്ട ജംഗ്ഷനിൽ ആത്മമാരി

കണ്ടംതിട്ട: ഹോപ് ഇൻ ക്രൈസ്റ്റ് ചർച്ച് മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 46 വരെ കണ്ടംതിട്ട ജംഗ്ഷനിൽ ആത്മമാരി സുവിശേഷ മഹായോഗം നടക്കും.
പാസ്റ്റർമാരായ കെ എ ഏബ്രഹാം, ജെയ്സ് പാണ്ടനാട്, ഡയറക്ടർ വൈ എസ് എലീശ എന്നിവർ പ്രസംഗിക്കും. ഇവാ. ജിബിൻ ജോസിന്റെ നേതൃത്വത്തിലുള്ള ആത്മമാരി വർഷിപ്പ് ടീം ഗാനങ്ങൾ ആലപിക്കും. ജനറൽ സെക്രട്ടറി പാ. ബിജു പോൾ നേതൃത്വം കൊടുക്കും

# റാസ് അൽ ഖൈമയിൽ രക്ത ദാന ക്യാമ്പ്

റാസ് അൽ ഖൈമ: ചർച്ച് ഓഫ് ഗോഡ് യുണൈറ്റഡ് അറബ് എമിറേറ്റ്സ് വൈപിഇ ഡിപ്പാർട്മെന്റിന്റെ ആഭിമുഖ്യത്തിൽ റാസ് അൽ ഖൈമ കേരള ഹൈപ്പർ മാർക്കറ്റിന് സമീപം നാളെ ആദ്യ രക്ത ദാന ക്യാമ്പ് നടക്കും. നാഷണൽ ഓവർസിയർ റവ. ഡോ. കെ ഒ മാത്യു ഉദ്ഘാടനം ചെയ്യും. വൈ പി ഇ ഡയറക്ടർ പാ. ഫെബിൻ മാത്യു സെക്രട്ടറി ബ്രദർ ജിന്നർ എന്നിവർ നേതൃത്വം നൽകും

# മാടമുക്കിൽ വചന ശുശ്രൂഷ

കുറ്റപ്പുഴ: മാടമുക്ക് ബെഥേൽ അസംബ്ളിസ് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിലുള്ള ത്രിദിന വചന ശുശ്രൂഷ ഇന്ന് രാവിലെ പത്തിന് ആരംഭിക്കും.
പാസ്റ്റർമാരായ ഗീവർഗീസ് ഇളമണ്ണൂർ, സിറ്റി തോമസ്, കെ എസ് സാമുവേൽ എന്നിവർ പ്രസംഗിക്കും.

## ഇന്ന് എന്നെ സഹായിച്ച അജ്ഞാത സ്നേഹിതനുവേണ്ടി...

സായാഹ്നത്തിൽ ഒരു ഗുരുവും ധനികനായ ഒരു ശിഷ്യനും കൂടി നടക്കുമ്പോൾ വഴിയരികിൽ ഒരു ജോഡി പഴയ ഷൂസ് കണ്ടു. ചുറ്റുപാടും നോക്കിയപ്പോൾ സമീപെ ജോലി ചെയ്തു കൊണ്ടിരിക്കുന്ന തൊഴിലാളിയുടെ ഷൂസാണ് അവയെന്ന് മനസ്സിലായി.
ആ ഷൂസ് മാറ്റിവെച്ചാൽ തൊഴിലാളിയുടെ പ്രതികരണം എന്താകുമെന്ന് കാണുവാൻ ശിഷ്യൻ താല്പര്യപ്പെട്ടു. എന്നാൽ പാവപ്പെട്ടവരോട് അങ്ങനെയുള്ള തമാശകൾ പാടില്ല എന്ന് ഗുരു പറഞ്ഞു. പകരം ആ ഷൂസിൽ ഏതാനും നാണയങ്ങൾ വയ്ക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ശിഷ്യൻ അങ്ങനെ ചെയ്തു.
അല്പം കഴിഞ്ഞ് തൊഴിലാളി വന്ന് ഷൂ ഇടുമ്പോൾ അതിൽ എന്തോ ഉണ്ടെന്ന് മനസ്സിലായി അതെടുത്തു നോക്കി. അതാ ഏതാനും നാണയങ്ങൾ! അയാൾ ആശ്ചര്യപ്പെട്ടു , മറ്റെ ഷൂ എടുത്തപ്പോൾ അതിൽ നിന്നും ചില നാണയങ്ങൾ കൂടി കിട്ടി. അത് തനിക്കുവേണ്ടി ആരോ വെച്ചതാണ് എന്ന് മനസ്സിലാക്കി അയാൾ ദൈവത്തെ സ്തുതിച്ചു: 'ദൈവമേ, ഇന്നെന്നെ സഹായിച്ച അജ്ഞാത സ്നേഹിതനു വേണ്ടി സ്തോത്രം. രോഗിയായ എന്റെ ഭാര്യയ്ക്കും മക്കൾക്കും ഇന്ന് ആവശ്യത്തിന് ഭക്ഷണം കൊടുക്കാൻ കഴിയുമല്ലോ. നന്ദി ദൈവമേ.'ഈ പ്രാർത്ഥന കേട്ട് ഗുരു പറഞ്ഞു: 'നോക്കൂ പാവപ്പെട്ടവരുടെ അവസ്ഥ!'ശിഷ്യൻ കണ്ണുനീരൊഴുക്കിക്കൊണ്ട് പറഞ്ഞു: 'പാവപ്പെട്ടവരെ കളിയാക്കി സന്തോഷിക്കുന്നതിനേക്കാൾ എത്ര വലിയ സന്തോഷമാണ് അവർക്ക് എന്തെങ്കിലും നൽകുന്നതിലൂടെ നമുക്ക് ലഭിക്കുന്നത്?'.






തയ്യാറാക്കിയത്:
ജോൺസി റോബിൻസൺ

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **വെളിപ്പാട് 10 - 12**

1. സ്ത്രീക്കുവേണ്ടി ദൈവം എത്ര ദിവസമാണ് മരുഭൂമിയിൽ സ്ഥലം ഒരുക്കിയത് ?
2. സ്വർഗ്ഗത്തിൽ കണ്ട മഹാ സർപ്പത്തിന്റെ നിറം എന്തായിരുന്നു ?
3. എന്തു ഭക്ഷിച്ചു കഴിഞ്ഞപ്പോഴാണ് വയർ കയ്ച്ചു പോയത് ?
4. സ്ത്രീയ്ക്ക് തുണ നിന്നതാര് ?
5. എത്ര പ്രവാചകന്മാരുടെ ശവമാണ് മൂന്നര ദിവസം ഭൂമിയിൽ കാണും എന്ന് പറഞ്ഞിരിക്കുന്നത് ?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1 കാഞ്ഞിരം (8:11)
2 രക്ഷ (7:10)
3 യുദ്ധത്തിനു ചമയിച്ച കുതിരയ്ക്ക് (9:7)
4 വെള്ളനിലയങ്കി (7:13)
5 വായിലും വാലിലും (9:19)

# CHRISTIAN LIVE DAILY

01 MARCH 2024
VOL 03
ISSUE 060 | 759

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220